# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2024 - 25

**കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സപ്ലിമെന്ററി അലോട്ട്മെന്റി ലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 01.07.2024 മുതൽ 10.07.2024 വരെ അവസരം.**

## നിർദ്ദേശങ്ങൾ

- ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും 01.07.2024 മുതൽ 10.07.2024 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് മുൻപായി നിർദ്ദേശങ്ങൾ (https://admissions.keralauniversity.ac.in/fyugp2024/pdfs/howtoreg2024_new.pdf) വായിച്ച് നോക്കുക.
- ഈ ഘട്ടത്തിൽ **പരമാവധി 20 ഓപ്ഷനുകൾ** വരെ നൽകാവുന്നതാണ്.
- നിലവിൽ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾ പുതുതായി ഓപ്ഷൻ നൽകിയാൽ അവർ പ്രൊഫൈലിൽ മുൻപ് നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണി ക്കുകയുള്ളൂ. ടി വിദ്യാർത്ഥികൾ പുതിയ ഓപ്ഷനുകൾ നൽകാത്തപക്ഷം ഇവർ മുൻ അലോട്ട്മെൻറിൽ നൽകിയ എല്ലാ ഓപ്ഷനുകളും ഈ അലോട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്.
- നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളിൽ മാത്രമേ (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ. ടി വിദ്യാർത്ഥികളുടെ മറ്റുള്ള തിരുത്തലുകൾക്ക് സർവകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്.
- മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകരും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത

വിദ്യാർത്ഥികളും, “Temporary” അഡ്മിഷൻ എടുത്തശേഷം മൂന്നാം ഘട്ട അലോട്ട്മെന്റിൽ “Permanent” അഡ്മിഷൻ എടുക്കാതെ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികളും ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ടി വിദ്യാർത്ഥികളുടെ പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കൂ.

- നിലവിൽ സ്ഥിര (Permanent) അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. പ്രസ്തുത വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.
- നിലവിൽ ഏതെങ്കിലും ഘട്ടത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സപ്ലിമെന്ററി അലോട്മെന്റിലേക്ക് ഓപ്ഷൻ നൽകുന്നപക്ഷം പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക്, മുൻ അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല, പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കാത്ത പക്ഷം രണ്ട് അഡ്മിഷനും നഷ്ടമാകുന്നതാണ്.
- പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ എന്നിവ ആവശ്യമുളള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) ടി തീയതിക്കുള്ളിൽ തന്നെ സ്വയമായി അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തി സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.
- തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## സ്പോർട്സ് ക്വാട്ട അഡ്മിഷൻ

നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്റ്റർ ചെയ്യാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട അഡ്മിഷന് വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്ട്രേഷൻ ഉളളവർക്കും സർട്ടിഫിക്കറ്റുകൾ റിജക്ട് ആയ വിദ്യാർത്ഥികൾക്കും പുതിയ സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യാവുന്നതാണ്. ഒന്നാം സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റ് അവസാനിച്ച ശേഷവും ഒഴിവ് നിലനിൽക്കുന്ന പക്ഷം ടി വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

## മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ

മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈൽ രജിസ്റ്റർ ചെയ്തതിനുശേഷം പ്രിന്റൗട്ടുമായി താല്പര്യമുള്ള കോളേജിൽ ഹാജരാകേണ്ടതാണ്.

01/07/2024 രജിസ്ട്രാർ